പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

അടിയന്തര ചോദ്യം നമ്പർ: 1 | 18.07.2016-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യിലെ വിവിധ തസ്തികകളിലേക്കുള്ള നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എൻ. ഷംസീർ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിലെ വിവിധ തസ്തികകളിലേക്കുള്ള പി.എസ്.സി. നിയമന ലിസ്റ്റുകളുടെ കാലാവധി നീട്ടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 22.08.2015-ൽ കാലാവധി അവസാനിക്കുകയും തുടർന്ന് 30.06.2016 വരെ കാലാവധി ദീർഘിപ്പിക്കുകയും ചെയ്ത കെ.എസ്.ആർ.ടി.സി ഡ്രൈവർമാരുടെ നിയമനത്തിനുള്ള റാങ്ക് പട്ടികയുടേയും 30.06.2016-ൽ കാലാവധി അവസാനിച്ച കണ്ടക്ടർമാരുടെ നിയമനത്തിനുള്ള റാങ്ക് പട്ടികയുടേയും കാലാവധി 31.12.2016 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ പി.എസ്.സി. വഴി നിയമനം നേടുന്നതിനുള്ള പ്രായപരിധി കഴിയാറായതുമായ ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭ്യമാകുന്ന തരത്തിൽ നിയമന നടപടികൾ ത്വരിതപ്പെടുത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വിശദമാക്കാമോ? | (ബി) | 1. കെ.എസ്.ആർ.ടി.സി.യിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമനോപദേശം നൽകിയ 255 ഡ്രൈവർ ഉദ്യോഗാർത്ഥികളുണ്ട്. ടിയാളുകൾക്ക് ഈ മാസം അവസാനത്തോടുകൂടി നിയമനം നൽകുവാൻ കഴിയും. തുടർന്ന് ഉണ്ടാകുന്ന എൻ.ജെ.ഡി ഒഴിവുകളിലേക്കും നിയമനം നൽകാൻ കഴിയും.<br>2. നിലവിലുള്ള 823 കണ്ടക്ടർ ഒഴിവുകളിലേക്ക് നിയമന ഉപദേശം നൽകാൻ കേരളാ പി.എസ്.സി.യോട് ആവശ്യപ്പെട്ടുകൊണ്ട് 28.06.2016-ൽ കത്ത് നൽകിയിട്ടുണ്ട്. പി.എസ്.സി.യിൽ നിന്നും നിയമനോപദേശം ലഭിച്ചാൽ ഉടൻ ഇവർക്ക് നിയമനം നൽകാൻ കഴിയും. |

സെക്ഷൻ ഓഫീസർ